(5) കുട്ടനാടൻ പാടശേഖരങ്ങളിലെ കളകൊയ്ത്തുമൂലം കൃഷിക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. എസ്. രാമചന്ദ്രൻപിള്ള : സർ, കേരളത്തിന്റെ നെല്ലറയായ കുട്ടനാട്ടിലെ കൃഷി ഇന്ന് നശിച്ചുകൊണ്ടിരിക്കുകയാണ്. കൃഷിക്കാരെ സംബന്ധിച്ചിടത്തോളം വർദ്ധിച്ച കൂലിച്ചെലവും, നെല്ലിന് ന്യായമായ വില കിട്ടാത്തതും, അതുപോലെ തന്നെ കൃഷിയെ പ്രതികൂലമായി ബാധിച്ച് നശിപ്പിക്കുന്ന കളകളെ നിയന്ത്രിക്കാനും വളരെ ഭാരിച്ച ചെലവ് അനുഭവപ്പെടുകയാണ്. കളകൾ നെൽകൃഷിയെ ബാധിക്കുന്നതുകൊണ്ട് നെൽകൃഷി നശിച്ചുപോകുന്നു. നെൽകൃഷിക്കിടുന്ന വളങ്ങളുടേയും അതുപോലെ തന്നെ കീടനാശിനികളുടേയുമൊക്കെ പ്രയോജനം കിട്ടുന്നത് കളകൾക്കും മറ്റുമാണ്. ഈ കളയാണ് നെൽകൃഷിയെ നശിപ്പിക്കുന്നത്. നെൽകൃഷിയെ സംബന്ധിച്ചിടത്തോളം ഉൽപ്പാദന ചെലവ് കൂടിയ കാരണത്താൽ കർഷകന് നഷ്ടം സംഭവിക്കുകയും, കൃഷി നടത്തിയാൽ കർഷകന്റെ നട്ടെല്ല് ഒടിയുകയും ചെയ്യുന്ന ഒരു സ്ഥിതി വിശേഷമാണ് കുട്ടനാട്ടുള്ളത്. കുട്ടനാട്ടിലും അപ്പർ കുട്ടനാട്ടിലും കൃഷിക്കാരെ സഹായിക്കാൻവേണ്ടി ഗവൺമെന്റിൽ നിന്ന് വളത്തിനും വിത്തിനും അതുപോലെ തന്നെ മ്പിങ്ങിനും കീടനാശിനിക്കും സബ്സിഡി കൊടുക്കുന്നുണ്ട്. അതുപോലെ തന്നെ കൃഷിയെ നശിപ്പിക്കുന്ന ഈ കളകളെ നശിപ്പിക്കാൻവേണ്ടി കളനാശിനി ഉപയോഗിക്കേണ്ടതായി വരുന്നുണ്ട്. ഇപ്പോൾ ഒരേക്കറിന് ഏതാണ്ട് 280 രൂപ വില വരുന്ന കളനാശിനിയാണ് ഉപയോഗിക്കുന്നത്. കള നാശിനിക്ക് ഇന്ന് സബ്സിഡി കൊടുക്കുന്നില്ല. വിത്തിനും വളത്തിനും പമ്പിങ്ങിനും അതുപോലെ തന്നെ കീട നാശിനിക്കും സബ്സിഡി കൊടുക്കുന്നതുപോലെ കള നശിപ്പിക്കുന്നതിനുള്ള കള നാശിനിക്കും സബ്സിഡി നൽകുന്നതിന് ഗവൺമെന്റ് ശ്രദ്ധ പതിപ്പിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

കൃഷിവകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ) : സർ, നെൽകൃഷിക്കുള്ള വിത്തിന് സംസ്ഥാനാടിസ്ഥാനത്തിൽ സബ്സിഡി നൽകുമ്പോൾ പമ്പിങ്ങിനും രാസവളത്തിനുമുള്ള സബ്സിഡി കുട്ടനാട്ടിലെ പാടശേഖരങ്ങളിലും തൃശ്ശൂർ, പൊന്നാനി കോൾനിലങ്ങളിലും വെള്ളായണി പുഞ്ചയിലും മാത്രം നൽകുന്നു. നെൽപ്പാടങ്ങളിലെ കളയെ നശിപ്പിക്കാൻ കള നാശിനികൾ ഫലപ്രദമാണെന്ന് തെളിഞ്ഞിട്ടുണ്ട്. കളനാശിനികൾ ഉപയോഗിച്ചാൽ ഹെക്ടർ ഒന്നിന് 300 രൂപ വരെ കൃഷി ചെലവിൽ ലാഭമുണ്ടാകുമെന്ന് ഇതു സംബന്ധിച്ച് നടത്തിയ പ്രാഥമിക പഠനങ്ങൾ സൂചിപ്പിച്ചിട്ടുണ്ട്. കള നാശിനികൾ ഉപയോഗിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ, ആവശ്യമുള്ള കള നാശിനികൾ വാങ്ങാനുമുള്ള സൗകര്യം ഇപ്പോൾ ഉണ്ടെങ്കിലും കളനാശിനികൾക്ക് സബ്സിഡി നൽകാൻ തൽക്കാലം പരിപാടിയില്ല. ഈ വർഷം കുട്ടനാട്ടിലെ 5000 ഹെക്ടർ പാടശേഖരങ്ങളിൽ കള നാശിനി പ്രയോഗിക്കാൻ കള നാശിനി നിർമ്മാണ വിതരണ ഏജൻസികൾ ബൃഹത്തായ ഒരു പരിപാടി ആവിഷ്ക്കരിച്ചിട്ടുണ്ട്.

(6) തൃശ്ശൂർ ജില്ലയിലെ സീതാറാം ടെക്സ്റൈൽസ് മിൽസ് നേരിടുന്ന പ്രതിസന്ധി

ശ്രീ. കെ. പി. പ്രഭാകരൻ : സർ, തൃശ്ശൂരിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു പൊതുമേഖലാസ്ഥാപനമായ സീതാറാം മിൽസ് അതിഭയങ്കരമായ ഒരു സാമ്പത്തികപ്രതിസന്ധിയിലാണ്. ഇപ്പോൾ 1,000-ഓളം തൊഴിലാളികൾ ഉള്ളതിൽ മൂന്നിലൊന്നുപേർക്ക് മാത്രമാണ് തൊഴിൽ ലഭിക്കുന്നത്. അതു

LIBRARY ARCHIVES Kerala Legislative Assembly

തന്നെ എപ്പോഴാണ് നിൽക്കുന്നതെന്ന് നിശ്ചയമില്ലാത്ത വിധത്തിൽ ഈ മില്ല്. തകർച്ചയിലാണ്. പൂർണ്ണമായും മില്ല് അടച്ചുപൂട്ടുമെന്നുള്ള സ്ഥിതി അവിടെ നിലനിൽക്കുന്നു. പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തതയും ആവശ്യമനുസരിച്ചുള്ള കറണ്ട് ലഭ്യമല്ലാതായതുമാണ് തൊഴിൽ സാദ്ധ്യത മുന്നിലൊന്നായി ചുരുങ്ങാനുള്ള കാരണം. കഴിഞ്ഞ ഏതാനും വർഷങ്ങളായി നഷ്ടത്തിൽ നടന്നുകൊണ്ടിരിക്കുന്ന ഈ മില്ല് പുനരുദ്ധരിക്കുന്നതിന് ഒരു പദ്ധതി ആവിഷ്ക്കരിക്കുകയും 130 ലക്ഷം രൂപയുടെ മോഡണൈസേഷൻ പദ്ധതി നടപ്പിലാക്കാൻ തീരുമാനിക്കുകയും ചെയ്തിരുന്നതാണ്. ഗവൺമെന്റ് ഉടമയിലുള്ള ഈ കമ്പനിക്ക് അതിനാവശ്യമായ പണം ഉണ്ടാക്കേണ്ട ബാദ്ധ്യത ഗവൺമെന്റിനാണ്. പ്രവർത്തന മൂലധനമായി 50 ലക്ഷം രൂപയും ബാക്കി ഐ. ഡി. ബി. ഐ. തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ലഭ്യമാക്കാനായിരുന്നു പദ്ധതി. രണ്ടു വർഷമായിട്ടും ആ വഴിക്കുള്ള യാതൊരു പ്രവർത്തനവും ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല. അതിന്റെ ഫലമായിട്ടുതന്നെ മില്ല് കൂടുതൽ നഷ്ടത്തിലായി. കഴിഞ്ഞ ജൂൺ മാസത്തിൽ കറണ്ടിന്റെ വകയിൽ കുടിശ്ശികയായി 50 ലക്ഷം രൂപ മുനിസിപ്പാലിറ്റിക്ക് കൊടുക്കാനുണ്ട്. കുടിശിക കൊടുക്കാത്തതുകൊണ്ട് കറണ്ട് കണക്ഷൻതന്നെ വിച്ഛേദിച്ചു. അങ്ങനെ മില്ലിന്റെ പ്രവർത്തനംതന്നെ പൂർണ്ണമായും നിറുത്തി. ആ അവസരത്തിൽ ഏതാണ്ട് 3 മാസത്തെ ശമ്പളം തൊഴിലാളികൾക്ക് കുടിശ്ശിക ഉണ്ടായിരുന്നു. അതുപോലെതന്നെ ഇ. എസ്. ഐ., പി. എഫ്. ഇനങ്ങളിലായി മില്ല് അടച്ചുതീർക്കേണ്ട ഒന്നര കോടി വേറെ നിൽക്കുകയാണ്. ഈ കഴിഞ്ഞ ഓണക്കാലത്ത് എല്ലാ തൊഴിലാളികളും വളരെ വിഷമത്തിലായ അവസരത്തിൽ അവർ ഒരു സമരത്തിൽ ഏർപ്പെടേണ്ടി വന്നതുകൊണ്ട് മാത്രമാണ് ഗവൺമെന്റ് 40 ലക്ഷം രൂപ അഡ്വാൻസ് നൽകാൻ തയ്യാറായത്. പക്ഷെ അത് ഒന്നും പുനരുദ്ധാരണ പദ്ധതിക്ക് പ്രയോജനപ്പെട്ടിട്ടില്ല. കാരണം 3 മാസത്തെ ശമ്പള കുടിശ്ശിക, കഴിഞ്ഞ വർഷത്തെ ബോണസ്സിന്റെ കുടിശ്ശിക അതെല്ലാം കൊടുക്കാൻ 24 ലക്ഷം രൂപ ചെലവായി. മുനിസിപ്പാലിറ്റിക്ക് 50 ലക്ഷം രൂപയിൽ 4 ലക്ഷം രൂപ അടച്ചിട്ടാണ് തൽക്കാലം കറണ്ട് കണക്ഷൻ വീണ്ടും കിട്ടിയതും 1-10-1986 മുതൽ ഫാക്ടറി പ്രവർത്തനം ആരംഭിച്ചതും. അങ്ങനെ 24 ലക്ഷവും 4 ലക്ഷവുംകൂടി 28 ലക്ഷം കഴിച്ചാൽപിന്നെ 12 ലക്ഷമാണ് അതിൽ അവശേഷിക്കുന്നത്. അതുകൊണ്ട് തൽക്കാലം 1/3 തൊഴിലാളികളെ വച്ചുകൊണ്ട് മില്ല് നടത്തുന്നു എന്നല്ലാതെ ഇതിന്റെ മോഡണൈസേഷൻ പ്രവർത്തനത്തിന് ഇന്നുവരെ യാതൊന്നും ചെയ്തിട്ടില്ല. ഇപ്പോൾ കണക്ഷൻ വീണ്ടും കൊടുത്തിട്ടുണ്ടെങ്കിലും ഇലക്ട്രിസിറ്റി ബോർഡിന്റെ പുതിയ നയം കാരണം, ഒരു മാസം മില്ല് പ്രവർത്തിക്കുന്നതിന് 50,000 യൂണിറ്റ് കറണ്ട് വേണ്ടിടത്ത് 30,000 യൂണിറ്റ് കറണ്ടാണ് ഇപ്പോൾ അനുവദിച്ചിട്ടുള്ളത്. അതിൽതന്നെ താരിഫ് അനുസരിച്ച് പുതിയ വിലയുംകൂട്ടി ശരാശരി 80 പൈസ യൂണിറ്റിന് മില്ല് കൊടുക്കണം. ഇതുവരെ വന്ന നഷ്ടം ഇനിയും കൂടാൻ പോകുകയാണ്. ഇങ്ങനെയുള്ള ഒരു സാഹചര്യത്തിൽ അടിയന്തിരമായി ഇതിന്റെ മോഡണൈസേഷൻ പദ്ധതി നടപ്പിലാക്കുന്നതിനും ആവശ്യമായ കറണ്ട് ലഭ്യമാക്കി ആ മില്ല് സംരക്ഷിക്കാൻ ഗവൺമെന്റ് അടിയന്തിരമായി മുന്നോട്ട് വന്നില്ലെങ്കിൽ ഗൗരവതരമായ സ്ഥിതിവിശേഷമായിരിക്കും അവിടെ ഉണ്ടാകുക. അതുകൊണ്ട് അടിയന്തിരമായി ഗവൺമെന്റിന്റെ ശ്രദ്ധ ഉണ്ടാകണം എന്നഭ്യർത്ഥിക്കുന്നു.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) : സർ, ബഹുമാനപ്പെട്ട ശ്രീ. പ്രഭാകരൻ ചൂണ്ടിക്കാണിച്ചതുപോലെ ആ മില്ലിന്റെ മോഡണൈസേഷന

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടിയുള്ള റിവൈസ് പ്രോജക്ട് റിപ്പോർട്ട് ഇപ്പോൾ ഗവൺമെൻറിന്റെ പരിഗണനയിലാണ്. കമ്പനിയുടെ രൂക്ഷമായ സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്തുകൊണ്ട് 1986 സെപ്റ്റംബറിൽ ഗവൺമെൻറ് 40 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി. എന്നാൽ ഈ റിവൈസ്ഡ് പ്രോജക്ട് റിപ്പോർട്ട് പ്രകാരം 130 ലക്ഷം രൂപയും, അതുകൂടാതെ സ്റ്റാറ്റ്യൂട്ടറി ലയബിലിറ്റി അനുസരിച്ച് അടച്ചുതീർക്കാൻ 100 ലക്ഷം രൂപയും വേണ്ടിവരുമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. റാഷണലൈസേഷൻ ഓഫ് എംപ്ലോയീസിനെ സംബന്ധിച്ച് ഐ. എഫ്. സി. ഐ. 1985 ഡിസംബറിൽ ഡൽഹിയിൽ വിളിച്ചുകൂട്ടിയ യോഗത്തിൽ 'മാനേജുമെൻറ്' ചില ഉറപ്പുകളും കൊടുത്തിട്ടുണ്ട്. ഇതിനെ തുടർന്ന് 1986 സെപ്റ്റംബർ 1-ാം തീയതി ഡ്യൂട്ടീസ് ആൻറ് വർക്ക് ലോഡിനെ സംബന്ധിച്ച് തൊഴിലാളി പ്രതിനിധികളുമായി മാനേജുമെൻറ് ഒരു എഗ്രിമെൻറിൽ ഒപ്പ് വച്ചിട്ടുമുണ്ട്. അതുപോലെ ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ച വിദ്യുച്ഛക്തി റേറ്റിനെ സംബന്ധിച്ച് ഗവൺമെൻറ് ഇപ്പോൾ പൊതുവിൽ സ്വീകരിച്ചിട്ടുള്ള സമീപനം 60% സംസ്ഥാനത്തിനകത്തുതന്നെ ഉൽപ്പാദിപ്പിക്കുന്ന വിദ്യുച്ഛക്തി സാധാരണ നിരക്കിലും 25% ഇംപോർട്ടഡ് വിദ്യുച്ഛക്തി ആ നിരക്കിലും കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതുകൂടാതെ ഈ പുനരുദ്ധരിപ്പിക്കുന്ന വ്യവസായത്തെ സംബന്ധിച്ചിടത്തോളം അവർക്ക് കഴിയുന്നത്ര വിദ്യുച്ഛക്തി കുറഞ്ഞ റേറ്റിൽ കൊടുക്കാൻ ഗവൺമെൻറ് തീരുമാനിച്ചിട്ടുണ്ട്. ഏതായാലും സീതാറാം മില്ലിനെ സംബന്ധിച്ചിടത്തോളം വലിയ സാമ്പത്തിക ബാദ്ധ്യതകൂടി ഉള്ളതുകൊണ്ട് ഗവൺമെൻറിന്റെ സജീവമായ പരിഗണനയിലാണ്.

(7) കണ്ണൂർ മുനിസിപ്പാലിറ്റിയിലെ താവക്കര വാർഡിലെ പുതിയ ബസ് സ്റ്റാൻറ്

ശ്രീ. പി. ഭാസ്കരൻ : സർ, എന്റെ നിയോജകമണ്ഡലമായ കണ്ണൂർ മുനിസിപ്പാലിറ്റിയിലെ താവക്കര വാർഡിൽ ഒരു പുതിയ ബസ് സ്റ്റാൻറ് നിർമ്മിക്കുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചു വരുന്നതായി അറിയുന്നു. പത്രങ്ങളിൽ അതിന്റെ നോട്ടിഫിക്കേഷൻ കൊടുത്തുകഴിഞ്ഞു. താവക്കരയിലെ സ്ഥലം പല സ്വകാര്യ വ്യക്തികളുടേയും കൈയിലുള്ളതാണ്. അവിടെ ഒരു ബസ് സ്റ്റാൻറ് നിർമ്മിക്കുമ്പോൾ അതിന് ഉപോൽബലകമായി ഒരു റോഡാവശ്യമാണ്. പോർട്ട് റോഡിൽനിന്നും 4 മീറ്ററും 5 മീറ്ററും വീതിയുള്ള ഒരു റോഡ് ആ വയലിലൂടെ ഇപ്പോഴും കടന്നു പോകുന്നുണ്ട്. അത് 15 മീറ്റർ വീതിയുള്ള റോഡാക്കി മാറ്റാനുള്ള പദ്ധതിയും ഈ വികസന പ്രവർത്തനത്തിൽ ഉൾക്കൊണ്ടിരിക്കുന്നു. 15 മീറ്റർ വീതിയുള്ള റോഡ് വരുമ്പോൾ ആ പ്രദേശത്തുള്ള മിക്ക വീട്ടുകാരുടേയും വീടും സ്ഥലവും നഷ്ടപ്പെടുമെന്നു വസ്തുത ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുന്നു. ഇതിനെതിരായി താവക്കര വാർഡിലെ മുഴുവൻ ആളുകളും ഒത്തുചേർന്നുകൊണ്ട് പ്രകടനം സംഘടിപ്പിച്ചിരിക്കുന്നു. നിവേദനങ്ങളും നടത്തിക്കൊണ്ട് വരികയുമാണ്. 15 മീറ്റർ റോഡും ഈ ബസ് സ്റ്റാൻറും അവിടെ നിർമ്മിക്കുന്നത് നഗരവികസനത്തിന്റെ പേരിലാണ്. വികസനത്തിനെതിരായി പറയുകയല്ല. സാധാരണക്കാരനെ ദ്രോഹിച്ചുകൊണ്ടുള്ള ഒരു വികസനപ്രവർത്തനം നടത്തുകയെന്നുള്ളത് പുനഃപരിശോധിക്കണം. ഈ പ്രശ്നം തെരഞ്ഞെടുക്കപ്പെട്ട മുനിസിപ്പൽ കൗൺസിലിന് വിട്ടുകൊടുക്കണമെന്നാണ് എനിക്ക് അഭിപ്രായപ്പെടാനുള്ളത്. ഉദ്യോഗസ്ഥൻമാർക്ക് ഇന്ന് ഇത്തരം വികസനത്തിന്റെ പേരിൽ സാധാരണക്കാരെ

LIBRARY ARCHIVES Kerala Legislative Assembly